പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 269 — 28.06.2011-ൽ മറുപടിയ്ക്ക്

## തെരുവു വിളക്കുകൾ കത്തിക്കുന്നതുമായി ബന്ധപ്പെട്ട തർക്കം.

| ചോദ്യം<br>ശ്രീ. വി. ശിവൻ കുട്ടി : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) പല പ്രദേശങ്ങളിലും തെരുവു വിളക്കുകൾ കത്തിക്കുന്നതിനായി ട്യൂബ് ലൈറ്റുകളും മറ്റ് അനുബന്ധ സാധനങ്ങളും മാറ്റി ഇടുന്ന കാര്യത്തിൽ കെ. എസ്. ഇ. ബി. അധികൃതരും കോർപ്പറേഷൻ അധികൃതരും തമ്മിൽ തർക്കം നിലനിൽക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ ഇതുമൂലം പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടിന് പരിഹാരം കാണുന്നതിനായി, വാർഡ് കൗൺസിലർ, കെ. എസ്. ഇ. ബി, നഗരസഭ അധികൃതർ എന്നിവരെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (എ) & (ബി) ഉണ്ട്,<br>ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ജനപ്രതിനിധികളും കെ. എസ്. ഇ. ബി ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന അഡൈ്വസറി കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>നിലവിലുള്ള സംവിധാനത്തിൽ തെരുവു വിളക്കുകൾക്ക് ആവശ്യമായ സ്പെയർപാർട്സുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ ചെലവിൽ വാങ്ങി നൽകുകയും കേടായ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്. സാധന സാമഗ്രികളുടെ ഗുണ നിലവാരമില്ലായ്മയേയും ലഭ്യതയേയും കുറിച്ച് ബോർഡിനും, യഥാസമയം അറ്റകുറ്റപണികൾ ഏറ്റെടുത്ത് ചെയ്യാത്തതിനെ സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പരാതിയുണ്ട്. ഈ സംവിധാനത്തിന്റെ നടത്തിപ്പ് വിവിധ ഏജൻസികളുടെ കൂട്ടായ പ്രവർത്തനത്തിൽ അധിഷ്ഠിതമായതുകൊണ്ട് ഇക്കാര്യത്തിൽ വിജയകരമായ നടത്തിപ്പ് പലപ്പോഴും തടസ്സപ്പെടാറുണ്ട്. |

അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ സാധന സാമഗ്രികൾ എത്തിക്കുന്ന ഏജൻസി തന്നെ മാറ്റിസ്ഥാപിക്കലും ഏറ്റെടുക്കുന്നതാവും അഭികാമ്യം എന്നും ആയതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ Annual Maintenance Contract സംവിധാനത്തിൽ ഏർപ്പെടുന്നതാവും നല്ലത് എന്നും ഒരു നിർദ്ദേശം ബോർഡ് മുന്നോട്ട് വച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.